## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്-എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ ഓഫീസറായി ശ്രീ.ആർ.എസ്.രുസി, സെക്ഷൻ ഓഫീസർ -- നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### തദ്ദേശ സ്വയം ഭരണ (പി എസ്) വകുപ്പ്

**സ.ഉ.(സാധാ) നം. 323/2016/തസ്വഭവ      തിരുവനന്തപുരം,തീയതി, 28/01/2016.**

---

പരാമർശം:- 1) ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 26.08.2015 ലെ 96553/എൻ സി - ബി3/2015/ധന നമ്പർ കുറിപ്പ്

2) സ.ഉ.(സാധാ) നം 2697/2015/തസ്വഭവ തീയതി 04.09.2015

### ഉത്തരവ്

എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പ് നോഡൽ ഓഫീസറെ നിയമിക്കണം എന്ന് പരാമർശം-1 ലെ കുറിപ്പ് മുഖേന ധനകാര്യ വകുപ്പ് അഭ്യർത്ഥിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ നോഡൽ ഓഫീസറായി ശ്രീമതി.കെ.എസ്സ്.ശോഭന, ജോയിന്റ് സെക്രട്ടറിയെ നിയമിച്ച് പരാമർശം-2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ആസ്തി വികസനം സംബന്ധിച്ച ഫയലുകൾ ഓൺ ലൈനായി കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ നോഡൽ ഓഫീസറുടെ ചുമതല മാറ്റി നല്കണമെന്നും ശ്രീമതി.കെ.എസ്സ്.ശോഭന, അഭ്യർത്ഥിച്ചു.

മേൽ വിവരിച്ച സാഹചര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പുതിയ നോഡൽ ഓഫീസറായി ശ്രീ.ആർ.എസ്.രുസി, സെക്ഷൻ ഓഫീസർ, തദ്ദേശ സ്വയം ഭരണ (പിഎസ്) വകുപ്പിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ജീവനക്കാരന് സ്ഥലംമാറ്റമോ

സ്ഥാനക്കയറ്റമോ ലഭിക്കുന്ന പക്ഷം പുതുതായി നിയമിക്കപ്പെടുന്ന ജീവനക്കാരൻ/ജീവനക്കാരി നോഡൽ ഓഫീസറുടെ ചുമതലകൾ തുടർന്ന് നിർവ്വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.ആർ.പഴനിയമ്മ,
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി.കെ.എസ്സ്.ശോഭന, ജോയിന്റ് സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ശ്രീ.ആർ.എസ്.രുസി, സെക്ഷൻ ഓഫീസർ, തദ്ദേശ സ്വയം ഭരണ (പിഎസ്) വകുപ്പ്
ധനകാര്യ ( നോഡൽ സെന്റർ-ബി)വകുപ്പ്
തദ്ദേശ സ്വയംഭരണ (ഡിഎ/ഡിബി/ഡിസി/ഡിഡി/എഫ്എം/ഇപിഎ) വകുപ്പ്
ബഹു.പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ മന്ത്രിയുടെ പിഎസിന്
ബഹു.ഗ്രാമവികസന വകുപ്പ മന്ത്രിയുടെ പിഎസിന്
ബഹു.നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ മന്ത്രിയുടെ പിഎസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസിന്
തദ്ദേശ സ്വയംഭരണ (നഗരകാര്യം)വകുപ്പ് സെക്രട്ടറിയുടെ പിഎസിന്
തദ്ദേശ സ്വയംഭരണ (പഞ്ചായത്ത്)വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസിന്
തദ്ദേശ സ്വയംഭരണ (ഗ്രാമ വികസനം)വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസിന്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ